## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം:- സീനിയർ ക്ലാർക്കുമാരുടെ 17/6/2000 മുതൽ 31/12/2012 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി ശ്രീമതി. ജീന എം. സമർപ്പിച്ച അപേക്ഷ അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) വർക്കല താലൂക്ക് ആശുപത്രി സൂപ്രണ്ടിൻെറ എ1/370/2017 എന്ന 01/3/2017ലെ കത്ത്.
2) ജി.ഒ (ആർ.റ്റി) നം. 2260/90/ആ.കു.വ. തീയതി 18/7/90.
3) ഉത്തരവ് നം എ2/15012/90/ജി.മെ.ആ തിരു. തീയതി 6/10/90.
4) ഒ & എം. 2/78765/89/ആ.വ.ഡ തീയതി 17/4/91.
5) ഉത്തരവ് നം. ഡി1-3/2003/ആ.വ.ഡ തീയതി 3/1/2004.
6)ഉത്തരവ് നം. ഡി1-3/2003/ആ.വ.ഡ തീയതി 3/1/2004.
7) ഉത്തരവ് നം ഇ.എസ്.2/40318/ആ.വ.ഡ തീയതി 15/12/14.
8) 23/12/2017 ലെ ഈ ആഫീസിലെ ഇതേ നമ്പർ നോട്ടീസ്.

### ഉത്തരവ് നം: ഇ.എസ്.2/40318/2017/ആ.വ.ഡ തീയതി: 3/3/2018

സീനിയർ ക്ലാർക്കുമാരുടെ 17/6/2000 മുതൽ 31/12/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി വർക്കല താലൂക്ക് ആശുപത്രിയിലെ സീനിയർ ക്ലാർക്കായ ശ്രീമതി. ജീന എം.ൻെറ അപേക്ഷ സൂചന 1 പ്രകാരം അയച്ചുതന്നിരുന്നു.

ശ്രീമതി. ജീന എം. സൂചന 2 പ്രകാരമുള്ള സർക്കാർ ഉത്തരവിൻെറയും സൂചന (3) പ്രകാരമുള്ള ജില്ലാ മെഡിക്കൽ ആഫീസറുടെ നിയമന ഉത്തരവിൻെറ അടിസ്ഥാനത്തിൽ ക്ലാർക്കായി 15/10/90ൽ സർവീസിൽ പ്രവേശിച്ചു. സൂചന 4 പ്രകാരമുള്ള ക്ലാർക്കുമാരുടെ 6/86 മുതൽ 8/90 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിൽ 987-ാം നമ്പരായി ഉൾപ്പെടുത്തുകയും ചെയ്തു. ടിയാൻ എം.ഒ.പി. പരീഷയിൽ യോഗ്യത നേടിയത് 12/98ലാണ്. അതിൻെറ അടിസ്ഥാനത്തിൽ സൂചന 5 പ്രകാരം പരിവീക്ഷകാലം പൂർത്തിയാക്കുകയും ചെയ്തു. അക്കൗണ്ട് ടെസ്റ്റ് യോഗ്യത നേടിയത് 12/98ൽ ആണ് ആയതിൻെറ അടിസ്ഥാനത്തിൽ സൂചന 6 പ്രകാരം സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ചു. എന്നാൽ സൂചന 7 പ്രകാരമുള്ള സീനിയർ ക്ലാർക്കുമാരുടെ 17/6/2000 മുതൽ 31/8/12 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെട്ടിരുന്നില്ല.

ശ്രീമതി. ജീന എം. ജോലിയിൽ പ്രവേശിച്ച തീയതി പരിവീക്ഷകാലം പൂർത്തിയാക്കിയ തീയതി വകുപ്പ് തല പരീക്ഷകളിൽ യോഗ്യത നേടിയ തീയതി സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നേടിയ തീയതി എന്നിവ പരിഗണിച്ച് സീനിയർ ക്ലാർക്കുമാരുടെ 17/6/2000 മുതൽ 31/8/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ 58 എ ആയി ഉൾപ്പെടുത്തുന്നതിന് താൽകാലികമായി തീരുമാനിച്ച് സൂചന (8) പ്രകരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിനെതിരെ ആരും തന്നെ ആക്ഷേപങ്ങൾ ഒന്നും നാളിതുവരെ സമർപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ വർക്കല താലൂക്ക് ആശുപത്രിയിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ജീന എം.നെ സീനിയർ ക്ലാർക്കുമാരുടെ 17/6/2000 മുതൽ 31/12/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ 58 എ എന്ന നമ്പറായി ഉൾപ്പെടുത്തുന്നതിന താൽകാലികമായി തീരുമാനിച്ചിരുന്നത് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | വകുപ്പ്തല പരീക്ഷകളിൽ യോഗ്യത നേടിയ തീയതി | എൻ.സി.സി. തസ്തികയിലെ റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിലെ നിലവിലെ റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ അനുവദിച്ച റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ സീനിയോറിറ്റി കണക്കാക്കിയ തീയതി |
|---|---|---|---|---|---|---|---|---|
| 1) | Mohanan Elladichy | 19/3/61 | 28/8/90 | MoP 6/92 AT(L) 6/95 | 986 B | 58 | 58 | 1/7/2000 |
| 2) | M. Jeena | 15/5/66 | 15/10/90 | MoP 12/98 AT (L) 12/98 | 987 | – | 58A | 1/7/2000 |
| 3) | S. Sabu | 28/5/66 | 10/9/90 | MoP 11/90 AT (L) 6/92 | 989 | 59 | 59 | 1/7/2000 |

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സൂചന 6ലെ ഉത്തരവ് ഇതിനാൽ പരിഷ്കരിച്ചിരിക്കുന്നു.

സ്വീകർത്താവ്:
1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2) ബന്ധപ്പെട്ട എല്ലാ സ്ഥാപന മേലധികാരികൾക്കും
3) ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4) ഇ.ഡി. സെക്ഷൻ
5) ഫയൽ / സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ
സൂപ്രണ്ട്